ഉത്തരം

(എ) 651 ആശുപത്രികൾക്ക്.

(ബി & സി) ഗർഭച്ഛിദ്രങ്ങൾ സംബന്ധിച്ച കണക്ക് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. 2004-05 വർഷത്തിൽ ആകെ 27,918 ഗർഭച്ഛിദ്രങ്ങൾ നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) 15 വയസ്സിന് താഴെ 13-ഉം 15 മുതൽ 19 വയസ്സുവരെ 703-ഉം ഗർഭച്ഛിദ്രങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 17 വയസ്സിന് താഴെയുള്ളവരുടെ മാത്രമായി കണക്കുകൾ ലഭ്യമല്ല.

ഭ്രൂണഹത്യകൾ

141. [908] ശ്രീ. റോഷി അഗസ്റ്റിൻ :

„ കെ. നാരായണക്കുറുപ്പ് :

„ തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭ്രൂണഹത്യ വർദ്ധിച്ചുവരുന്നതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) നിയമാനുസൃതം 2004-ൽ എത്ര ഭ്രൂണഹത്യകളാണ് നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്ത് ഇതുവരെ എത്ര സ്ഥാപനങ്ങൾക്കാണ് ഗർഭച്ഛിദ്രം നടത്താൻ അനുമതി നൽകിയിട്ടുള്ളത് ;

(ഇ) ഇതിൽ എത്ര സ്ഥാപനങ്ങളാണ് ഇതു സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നറിയിക്കാമോ ;

(എഫ്) ഏറ്റവും കൂടുതൽ ഭ്രൂണഹത്യ നടന്നിട്ടുള്ള ജില്ല ഏതാണെന്ന് വ്യക്തമാക്കാമോ ;

(ജി) ഇത് സംബന്ധിച്ചു കഴിഞ്ഞ 5 വർഷത്തെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി) ആരോഗ്യവകുപ്പിൽ ലഭ്യമായ റിപ്പോർട്ടുകൾ പ്രകാരം ഭ്രൂണഹത്യകൾ കുറഞ്ഞു വരുന്നതായാണ് കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2004-05-ൽ നിയമാനുസൃതമായി 27,918 ഭ്രൂണഹത്യകൾ നടന്നിട്ടുള്ളതായിട്ടാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(ഡി) 651 സ്ഥാപനങ്ങൾക്ക് ഗർഭച്ഛിദ്രം നടത്താൻ അനുമതി നൽകിയിട്ടുണ്ട്.

(ഇ) 651 സ്ഥാപനങ്ങളും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(എഫ്) തിരുവനന്തപുരം.

(ജി) ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ജില്ല	2000-01	2001-02	2002-03	2003-04	2004-05
തിരുവനന്തപുരം	5368	4957	4499	4410	4107
കൊല്ലം	3054	3546	3066	2128	1735
പത്തനംതിട്ട	2212	2398	2660	2455	2570
ആലപ്പുഴ	2816	1949	2062	2223	2843
കോട്ടയം	4734	3761	3430	3585	3233
ഇടുക്കി	1404	1171	674	561	457
എറണാകുളം	3819	4152	2513	2215	1360
തൃശ്ശൂർ	3345	2874	2463	2456	1923
പാലക്കാട്	3148	2987	2945	2574	2221
മലപ്പുറം	1892	1024	508	331	217
കോഴിക്കോട്	3238	5061	4427	2637	3531
വയനാട്	637	294	435	464	428
കണ്ണൂർ	3165	3263	3012	2316	2320
കാസറഗോഡ്	1018	1150	1039	849	973
ആകെ	39850	38587	33733	29204	27918

ഔഷധ നയം ആവിഷ്കരിക്കുവാൻ നടപടി

142. [909] ശ്രീ. ജോസഫ് എം. പുതുശ്ശേരി :
" തോമസ് ഉണ്ണിയാടൻ :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ഔഷധ നയം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly